എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമം

ഹാജർ :എസ്.സുഹാസ്, ഐ.എ.എസ്

സി7-18729/16 തീയതി 20/01/2020

വിഷയം : പൊന്നുംവില – ആലുങ്കൽ കടവ് പാലം - അനുബന്ധ റോഡ് സാമൂഹിക പ്രത്യാഘാത റിപ്പോർട്ട് സമുചിത ഗവൺമെന്റ് പരിശോധിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച്.

സൂചന : (1) 14/1/19 തീയതിയിൽ അംഗീകരിച്ച ഫോറം 4 നോട്ടിഫിക്കേഷൻ

(2) 9/8/2019 തീയതിയിൽ SIA യൂണിറ്റായ രാജഗിരി ഔട്ട് റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് സമർപ്പിച്ച അന്തിമ റിപ്പോർട്ട്.

(3) വിദഗ്ദ സമിതി ചെയർമാൻ & സ്പെഷ്യൽ തഹസിൽദാർ (എൽ.എ) KIA , നെടുമ്പാശ്ശേരിയുടെ 13.12.19 തീയതിയിലെ വിദഗ്ദ സമിതി റിപ്പോർട്ട്.

(4) ജി.ഒ.(ആർ.ടി) നം.68/2015/പി.ഡബ്ള്യു.ഡി (എച്ച്) വകുപ്പിന്റെ 14/01/2015 തീയതി ഉത്തരവ്.

(5) ജി.ഒ.(പി)376/2016/RD തീയതി 29/06/2016

---

ആലുങ്കൽ കടവ് പാലം അനുബന്ധ റോഡ് നിർമ്മാണം എറണാകുളം ജില്ലയിലെ ആലുവ താലൂക്കിലെ നെടുമ്പാശ്ശേരി വില്ലേജിൽ മാഞ്ഞാലിതോടിനു കുറുകെ പാലം നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ 364, 123, 105, 126, 363, 107, 106, 104, 124 എന്നീ സർവ്വെ നമ്പറുകളിൽ നിന്നായി 00.38.92 ഹെക്ടർ ഭൂമി RFCTLAAR ആക്ട് - 13 പ്രകാരം നടപടി സ്വീകരിക്കുന്നതിനായി 26/10/2018 തീയതിയിൽ അർത്ഥനയും, അനുബന്ധ രേഖകളും സമർപ്പിച്ചിട്ടുള്ളതാണ്. ടി പൊന്നുംവില നടപടികളുടെ ഭാഗമായുള്ള ,സാമൂഹ്യപ്രത്യാഘാത പഠനത്തിനായി സൂചന (1)പ്രകാരം നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതും തുടർന്ന് SIA പഠനം നടത്തി സൂചന (2) പ്രകാരം റിപ്പോർട്ട സമർപ്പിച്ചിട്ടുള്ളതുമാണ്. ടി റിപ്പോർട്ടിൻ മേൽ വിദഗ്ദ സമിതി ചെയർമാന്റെ നേതൃത്വത്തിൽ പരിശോധന നടത്തിയിട്ടുള്ളതും , . സൂചന (3) പ്രകാരം റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് LARR ആക്ട് - 13 സെക്ഷൻ 7(6) പ്രകാരം ജില്ലാ കളക്ടറുടെ വെബ് സൈറ്റിലും മറ്റു സ്ഥലങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സൂചനാ (4) പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. LARR ആക്ട് - 13 സെക്ഷൻ 8(1) പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശങ്ങളും, സാമൂഹ്യപ്രത്യാഘാത റിപ്പോർട്ടും സമുചിത ഗവൺമെന്റ് പരിശോധിക്കേണ്ടതുണ്ട്. 200 ആർ വസ്തു വരെ ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടർക്ക് അനുവാദം നൽകി കൊണ്ട് സൂചന (5) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സൂചന (2,3) എന്നീ റിപ്പോർട്ടുകൾ പരിഗണിച്ചതിൽ പ്രസ്തുത ഭൂമി ഏറ്റെടുക്കേണ്ടത്. അത്യന്താപേക്ഷിതമായതിനാലും, ഭൂമി ഏറ്റെടുക്കുന്നത് കൊണ്ട് ഏതെങ്കിലും കുടുംബങ്ങൾക്കോ, പരിസ്ഥിതി പ്രകടമായ പ്രത്യാഘാതങ്ങൾ ഉണ്ടാകില്ല എന്ന് വിലയിരുത്തുകയും ബദൽ മാർഗ്ഗങ്ങൾ പരിഗണിക്കുന്നത് പ്രായോഗികമല്ലാത്തതിനാലും പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ വളരെ വലുതാണ് എന്നുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിലും എറണാകുളം ജില്ലയിലെ ആലുവ താലൂക്കിലെ നെടുമ്പാശ്ശേരി വില്ലേജിലെ 364, 123, 105, 126, 363, 107, 106, 104, 124 എന്നീ സർവ്വെ നമ്പറുകളിലായി 00.38.92 ഹെക്ടർ ഭൂമി പൊന്നുംവില പ്രകാരം ഏറ്റെടുക്കുന്നതിന് LARR ആക്ട് - 13 സെക്ഷൻ 8(1)(2) എന്നിവ പ്രകാരം അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. അതോടൊപ്പം തന്നെ ഈ ഉത്തരവിന്റെ പകർപ്പ് സെക്ഷൻ 8(3) പ്രകാരം ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ലാൻഡ് അക്വിസിഷൻ ഓഫീസറെ ചുമതലപ്പെടുത്തുന്നു.

(ഒപ്പ്)
ജില്ലാ കളക്ടർ

പകർപ്പ് : (1) സ്പെഷ്യൽ തഹസിൽദാർ
KIA , നെടുമ്പാശ്ശേരി
(2) എക്സിക്യൂട്ടീവ് എഞ്ചിനീയർ
PWD (പാലം), എറണാകുളം

ഉത്തരവിൻ പ്രകാരം

ഡെപ്യൂട്ടി കളക്ടർ(എൽ.എ)

ടി16/07.01.2020